പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3329 — 08-11-2019-ലെ മറുപടിയ്ക്ക്

## പ്രളയാനന്തര കാർഷിക കേരളത്തിന്റെ പുനരുദ്ധാരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയത്തിൽ തകർന്നടിഞ്ഞ കാർഷിക കേരളത്തെ വീണ്ടും പടുത്തുയർത്തുന്നതിന് നടത്തുന്ന കർമ്മപരിപാടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | പ്രളയംമൂലം കനത്ത നാശനഷ്ടം സംഭവിച്ച കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ നടപ്പിലാക്കി.<br>പുനർജനി പദ്ധതിയിലൂടെ മണ്ണും ചെളിയും അടിഞ്ഞുകൂടിയ പാടശേഖരങ്ങൾ വൃത്തിയാക്കി മണ്ണ് നീക്കം ചെയ്ത് കൃഷിയോഗ്യമാക്കി. തോടുകൾ വൃത്തിയാക്കി ജലസേചന സൗകര്യം വർദ്ധിപ്പിച്ചു. പ്രളയാനന്തരം മണ്ണിലുണ്ടായ മാറ്റങ്ങൾ മനസ്സിലാക്കുന്നതിന് മണ്ണ് പരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ച് അതനുസരിച്ച് മണ്ണിലുപയോഗിക്കേണ്ട കുമ്മായ വസ്തുക്കളുടേയും വളങ്ങളുടെയും വിവരം കർഷകർക്ക് നൽകി. പ്രളയാനന്തരം കീട-രോഗ ബാധകൾ പൊട്ടിപ്പുറപ്പെട്ട പാടശേഖരങ്ങളിലും മറ്റ് കൃഷിയിടങ്ങളിലും ശാസ്ത്രജ്ഞരുടെ സംഘം സന്ദർശനം നടത്തി പ്രതിവിധി നിർദ്ദേശിച്ചു. ഇപ്രകാരം കീട-രോഗ നിയന്ത്രണത്തിനാവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനും അവ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നതിനുമുള്ള ചെലവ് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളിലൂടെ നൽകി. കൃഷി ഭവൻ തലത്തിൽ എലിനശീകരണ ക്യാമ്പയിനുകൾ നടപ്പിലാക്കി. നെൽവിത്ത്, പച്ചക്കറി വിത്തുകൾ, കുരുമുളക് തൈ, വാഴക്കന്ന്, ദീർഘകാല സുഗന്ധ വ്യഞ്ജന വിളകൾ |

| | | | |
|---|---|---|---|
| | | | തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ വിതരണം ചെയ്തു. അഗ്രോസർവ്വീസ് സെന്റർ കാർഷിക കർമ്മസേന അംഗങ്ങളും തൊഴിലുറപ്പ് അംഗങ്ങളും ചേർന്ന് പ്രളയത്തിൽ തകർന്ന കൃഷിയിടങ്ങൾ വീണ്ടും കൃഷിയോഗ്യമാക്കി. കേടുപാടുസംഭവിച്ച യന്ത്രോപകരണങ്ങളും, പമ്പ് സെറ്റുകളും റിപ്പയർ ചെയ്തു. പുനർജനി പദ്ധതിയിലൂടെ കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കുവാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കുവാനും സാധിച്ചു |
| **(ബി)** | പ്രളയാനന്തരം പുന:കൃഷിക്കുള്ള വിത്ത്, നടീൽ വസ്തുക്കൾ എന്നിവ വിതരണം ചെയ്യുന്നുണ്ടോ; അറിയിക്കാമോ; | **(ബി)** | 2018-ലെ പ്രളയാനന്തരം 5650.85 ടൺ നെൽ വിത്തും 77 ലക്ഷം പച്ചക്കറിവിത്ത് കിറ്റുകളും 30 ലക്ഷം പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തു. കൂടാതെ 665 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനാവശ്യമായ ദീർഘകാല സുഗന്ധ വ്യഞ്ജനവിളകളുടെ നടീൽ വസ്തുക്കളും വിതരണം ചെയ്തു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ "സ്പെഷ്യൽ പാക്കേജ് 2018-19"- ൽ ഉൾപ്പെടുത്തി 41495 ഹെക്ടറിൽ വാഴ, കൈതച്ചക്ക, ടിഷ്യൂ കൾച്ചർ വാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, സങ്കരയിനം പച്ചക്കറി, കശുമാവ്, കൊക്കോ, സുഗന്ധ തൈല വിളകൾ എന്നിവയുടെ വിള വിസ്തൃതി വ്യാപനത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>2019 ആഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കർഷകർക്കായി 392 മെട്രിക് ടൺ നെൽവിത്ത് വിതരണം ചെയ്തു. കൂടാതെ പച്ചക്കറി വികസന പദ്ധതി പ്രകാരം വിത്തുകളും തൈകളും പ്രളയബാധിത പ്രദേശത്തിന് ഊന്നൽ നൽകി വിതരണം ചെയ്തുവരുന്നു. |
| **(സി)** | നവകാർഷിക കേരളത്തിന്റെ പുനരുദ്ധാരണവും പുനരുജ്ജീവനവും ലക്ഷ്യമിട്ട് മാതൃകാ കാർഷിക | **(സി)** | കൃഷി വകുപ്പ് നടപ്പിലാക്കുന്ന വാർഷിക പദ്ധതികൾക്ക് പുറമെ കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | | നടപ്പിലാക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റിവ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനായി 965.394 കോടി രൂപയുടെ 35 പദ്ധതികൾ സർക്കാർ റീ ബിൽഡ് കേരള ഇനിഷ്യേറ്റിവിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ മുഴുവൻ കാർഷിക വായ്പകൾക്കും ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | 2018-ലെ പ്രളയത്തിനോട് അനുബന്ധിച്ച്, നിശ്ചിത സമയത്തിനുള്ളിൽ പുന:ക്രമീകരിക്കപ്പെട്ട കാർഷിക ലോണുകളുടെ മൊറട്ടോറിയം കാലാവധി, 07/08/2019 ന് കൂടിയ എസ്.എൽ.ബി.സി യുടെ സബ്കമ്മിറ്റി, 31/12/2019 വരെ നീട്ടി നൽകിയിട്ടുണ്ട്. 2019-ൽ വീണ്ടും പ്രളയമുണ്ടായ സാഹചര്യത്തിൽ 03/09/2019-ന് കൂടിയ പ്രത്യേക എസ്.എൽ.ബി.സി യോഗ തീരുമാന പ്രകാരം പ്രളയബാധിത വില്ലേജുകളായി സർക്കാർ പ്രഖ്യാപിച്ച സ്ഥലങ്ങളിലെ കർഷകർ എടുത്തിട്ടുള്ള വിള വായ്പകൾക്ക് 23/08/2019 മുതൽ ഒരു വർഷം വരെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്. |

Sreelatha

**സെക്ഷൻ ഓഫീസർ**